**പതിനാലാം കേരള നിയമസഭ**

**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :2226** **11.03.2020-ൽ മറുപടിക്ക്**

**സഹകരണ ബാങ്കുകളെ കാര്യക്ഷമമാക്കുന്നതിന് നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ.കെ.ജെ. മാക്സി** | **ശ്രീ.കടകംപള്ളി സുരേന്ദ്രൻ (സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി)** |

| | | | |
|---|---|---|---|
| (എ) | സഹകരണ ബാങ്കുകളെ കാര്യക്ഷമമാക്കാനും ആയതുവഴി ബാങ്കുകളുടെ സാമ്പത്തിക ശക്തി വർദ്ധിപ്പിക്കാനുമായി സഹകരണ വകുപ്പ് സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (എ) | സഹകരണ ബാങ്കുകളെ കാര്യക്ഷമമാക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. സഹകരണ മേഖലയിൽ നിക്ഷേപം വർദ്ധിപ്പിക്കുന്നതിനായി നിക്ഷേപ സമാഹരണ യജ്ഞവും, വായ്പാ കുടിശ്ശിക കുറച്ചുകൊണ്ട് വരുന്നതിനായി നവകേരളീയം കുടിശ്ശിക നിവാരണ പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഹകരണ മേഖലയിൽ നവീന ആശയങ്ങൾക്കുള്ള പ്രത്യേക പദ്ധതികൾ, സഹകരണ സംഘങ്ങളിൽ വൈവിദ്ധ്യവൽക്കരണം നടത്തുന്നതിനുള്ള പദ്ധതികൾ, ദുർബല സംഘങ്ങൾക്കുള്ള പദ്ധതികൾ, സംഘം പുനരുദ്ധാരണ പദ്ധതികൾ എന്നിവക്ക് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സാമ്പത്തിക സഹായങ്ങൾ ഓരോ വർഷവും നൽകി വരുന്നു. കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പതിമൂന്ന് ജില്ലാ സഹകരണ ബാങ്കുകളെ സംയോജിപ്പിച്ച് കേരള ബാങ്ക് രൂപീകരിക്കുകയും അതുവഴി ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ സഹകരണ മേഖലയിൽ അതിവേഗത്തിൽ നടപ്പിലാക്കുന്നതാണ്. |
| (ബി) | സഹകരണ മേഖലയിലെ ആകെ സ്ഥിരം ജീവനക്കാർ, താല്ക്കാലിക ജീവനക്കാർ, ഡെപ്പോസിറ്റ് കലക്ടേഴ്സ് എന്നിവരുടെ എണ്ണം | (ബി) | സഹകരണ വകുപ്പിൻ കീഴിൽ പ്രവർത്തിക്കുന്ന സഹകരണ മേഖലയിലെ ജീവനക്കാരുടെ എണ്ണം സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു. |

| | | | |
|---|---|---|---|
| | എത്ര; വിശദാംശം ലഭ്യമാക്കുമോ; | | സ്ഥിരം ജീവനക്കാർ - 45,437<br>താൽക്കാലിക ജീവനക്കാർ - 6,779<br>കളക്ഷൻ ഏജന്റ് - 9,268<br><br>ആകെ ജീവനക്കാർ 61,484 |
| (സി) | ഇവരുടെ ക്ഷേമം ഉറപ്പാക്കാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ? | (സി) | സഹകരണ ക്ഷേമനിധി ബോർഡ് മുഖേന സ്വരൂപിക്കുന്ന വെൽഫെയർ ഫണ്ട് ഉപയോഗിച്ച് ചികിത്സ സഹായം, പഠന പ്രോത്സാഹന സഹായം, വിവാഹ ധനസഹായം ഉൾപ്പെടെയുള്ള ക്ഷേമ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. ജീവനക്കാർക്കായി രൂപീകരിച്ച സഹകരണ പെൻഷൻ ബോർഡ് വഴി സ്വാശ്രയ പെൻഷൻ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞ പലിശ നിരക്കിൽ ഭവന വായ്പകളും, ഓവർഡ്രാഫ്റ്റും അനുവദിച്ച് നൽകിയിട്ടുണ്ട്. കാലാകാലങ്ങളിലായി ജീവനക്കാരുടെ ശമ്പള പരിഷ്കരണ നടപടികളും, ക്ഷാമബത്ത അനുവദിക്കുന്നതിനുള്ള നടപടികളും സർക്കാർ കൈക്കൊണ്ടു വരുന്നു. ജീവനക്കാരെ ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ്, സ്റ്റേറ്റ് ലൈഫ് ഇൻഷുറൻസ്, ഗ്രൂപ്പ് ഇൻഷുറൻസ് സ്കീം എന്നീ പദ്ധതികളിൽ അംഗങ്ങളായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ